# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4746 19.05.2017 ന് മറുപടിയ്ക്ക്.

## ദേവികുളം മണ്ഡലത്തിലെ ട്രാഫിക് ബ്ലോക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ദേവികുളം നിയോജക മണ്ഡലത്തിലെ ഇരവികുളം നാഷണൽ പാർക്ക് സന്ദർശിക്കാൻ എത്തുന്നവരുടെ തിരക്കുമൂലം അനുഭവപ്പെടുന്ന ട്രാഫിക് ബ്ലോക്ക് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്മേൽ വനം വകുപ്പിന് എന്തു നടപടി സ്വീകരിക്കാൻകഴിയും ; വ്യക്തമാക്കുമോ; | (ബി) ഇരവികുളം നാഷണൽ പാർക്കിൽ ട്രാഫിക് ബ്ലോക്ക് ഉണ്ടാകാതിരിക്കാനായി പാർക്കിനുള്ളിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ നടത്തുന്ന മിനി ബസ് ട്രിപ്പുകളിൽ മാത്രമാണ് സന്ദർശകരെ ടൂറിസം സോണിൽ പ്രവേശിപ്പിക്കുന്നത്. മാത്രവുമല്ല ടൂറിസ്റ്റുകളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ആവശ്യമായ തരത്തിൽ വിശാലമായ പാർക്കിംഗ് സൗകര്യം സൗജന്യമായി ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ നാഷണൽ പാർക്കിൽ ട്രാഫിക് ബ്ലോക്ക് ഒട്ടുമില്ല.<br>എന്നാൽ നാഷണൽ പാർക്കിലേക്ക് സന്ദർശകരെ എത്തിക്കുന്ന സ്വകാര്യ ടാക്സി വാഹനങ്ങളിൽ ചിലത് പാർക്കിംഗ് സോണിൽ പാർക്ക് ചെയ്യാതെ മൂന്നാർ ഉദുമൽപേട്ട റോഡിന്റെ (എസ്.എച്ച്.17) ഇരുവശവും അനധികൃതമായും അനിയന്ത്രിതമായും പാർക്ക് ചെയ്യുന്നതു മൂലവും, ഹൈവേ റോഡിന് ഇരുവശവും വഴിയോരക്കച്ചവടക്കാർ കയ്യേറി കടകൾ സ്ഥാപിക്കുന്നതു മൂലവും റോഡിൽ ഈ ഭാഗത്ത് ഗതാഗതക്കുരുക്ക് അനുഭവപ്പെടാറുണ്ട്. ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ഹൈവേ റോഡ് നാഷണൽ പാർക്കിനു വെളിയിൽ ആയതുകൊണ്ട് ടി പ്രശ്നത്തിന് പരിഹാരം കാണുന്നതിന് വനം വകുപ്പിന് പരിമിതികളുണ്ട്. |

(സി) ഇതിന് പരിഹാരം കാണുന്നതിനായി വൈൽഡ് ലൈഫ് വാർഡന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ ?

(സി) ഹൈവേയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് യഥാർത്ഥത്തിൽ പോലീസ്, റവന്യൂ ഡിപ്പാർട്ട്മെന്റുകളുടേയും ഹൈവേ അധികൃതരുടേയും പഞ്ചായത്ത് അധികൃതരുടേയും ഫലപ്രദമായ ഇടപെടൽ ആവശ്യമാണ്. ഹൈവേ കയ്യടക്കിയിരിക്കുന്ന വഴിയോരക്കച്ചവടക്കാരെ ഒഴിപ്പിക്കുകയും അനധികൃത പാർക്കിംഗ് നിരോധിക്കുകയും ചെയ്യുക വഴി മാത്രമേ ഗതാഗതക്കുരുക്ക് ഫലപ്രദമായി പരിഹരിക്കാൻ കഴിയൂ. ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുവാനായി മൂന്നാർ വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ